LIBRARY ARCHIVES Kerala Legislative Assembly

ട്രാഫിക് പോലീസിന്റെ ജോലിഭാരം

92 [5839] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രാഫിക് പോലീസിന്റെ എണ്ണവും ജോലിഭാരവും സംബന്ധിച്ച് ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഇപ്പോഴുള്ള ട്രാഫിക് പോലീസിന്റെ എണ്ണം സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(സി) വാഹനങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവിന് ആനുപാതികമായി ട്രാഫിക് പോലീസിന്റെ എണ്ണം വർദ്ധിപ്പിക്കാത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ട്രാഫിക് പോലീസിനെ ഗതാഗതവകുപ്പിന്റെ കീഴിലാക്കാനും പുനഃസംഘടിപ്പിക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

ക്രിമിനൽ സംഘങ്ങൾക്ക് ഒത്താശ നൽകുന്ന പോലീസുകാർക്കെതിരെ നടപടി

93 [5840] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല സ്ഥലങ്ങളിലും ക്രിമിനൽ സംഘത്തിന് വേണ്ട ഒത്താശകൾ പോലീസുകാർ തന്നെ ചെയ്തുകൊടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം പോലീസുകാർക്കെതിരെ എന്തെല്ലാം ശിക്ഷണ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരക്കാർക്കെതിരെ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്യുകയും അന്വേഷണ വിധേയമായി സർവീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും വകുപ്പുതല അന്വേഷണത്തിന് ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.